Santhigiri

ഗുരുവാണി

"നിങ്ങളുടെ മനസ്സിനെ ധൈര്യപ്പെടുത്തിയാൽ
ആർക്കും നിങ്ങളെ കീഴ്പ്പെടുത്താനാവില്ല."

# ഉമ്മിണിതങ്കം

VOL 02 | ISSUE 59 | 2016 ഡിസംബർ 18 | 1192 ധനു 03

Newspaper published from Santhigiri Ashram — For Private Circulation Only — www.santhigiriashram.org

തിരുവനന്തപുരം റൂറൽ

## ജന്മഗൃഹ വികസനത്തിന് പുതിയ പദ്ധതികൾ

**ചന്ദിരൂർ :** ഗുരുവിന്റെ നവതി ആഘോഷങ്ങളുടെ ഭാഗമായി ശാന്തിഗിരി ആശ്രമം ചന്ദിരൂർ ബ്രാഞ്ചിൽ (ജന്മഗൃഹം) പുതിയ വികസന പദ്ധതികൾ വരുന്നു. ജന്മഗൃഹാശ്രമത്തിൽ നിലവിലുള്ള നെൽ കൃഷി, ഔഷധസസ്യ കൃഷി, പച്ചക്കറി കൃഷി എന്നിവയോടൊപ്പം എല്ലാത്തരം വിളകളും ഉത്പാദിപ്പിക്കാനും പദ്ധതി




*ഗുരുവിന്റെ ജന്മഗൃഹം*

വിഭാവനം ചെയ്യുന്നു. കൂടാതെ വിവിധ കലകളുടെ പരിശീലനവും ആശ്രമത്തിൽ തുടങ്ങും. ചെണ്ട, പഞ്ചവാദ്യം എന്നിവയിൽ ഇപ്പോൾ ആശ്രമത്തിൽ പരിശീലന ക്ലാസുകൾ നടക്കുന്നുണ്ട്. ഇതിനു പുറമെ നൃത്തപരിശീലനം മുതൽ ആയോധനകലകളുടെ പരിശീലനം വരെ സ്ത്രീകളെ പഠിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് സ്വാമി ചിത്തശുദ്ധൻ ജ്ഞാന തപസ്വി പറഞ്ഞു.







*വിഷൻ 2020 സംയുക്ത ഏരിയ മീറ്റിംഗിന് തിരിതെളിഞ്ഞപ്പോൾ*

## സമഗ്ര വികസന രൂപരേഖയൊരുക്കി വിഷൻ 2020 സംയുക്ത ഏരിയ മീറ്റിംഗ്

**ഹെൽത്ത്കെയർ സോൺ :** ഡിസംബർ 12 തിങ്കളാഴ്ച ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു നടന്ന സംയുക്ത ഏരിയ മീറ്റിംഗ്, നാലു വർഷത്തിനകം പൂർത്തീകരിക്കേണ്ട നിരവധി വികസന പദ്ധതികൾ സമഗ്രമായി ചർച്ച ചെയ്തു ശ്രദ്ധേയമായി. തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ, ആറ്റിങ്ങൽ, നെടുമങ്ങാട്, നെയ്യാറ്റിൻകര, കന്യാകുമാരി ഏരിയകളുടെ ഈ സംയുക്ത മീറ്റിംഗിൽ ആശ്രമത്തിന്റെ ഭൗതിക-ആത്മീയരംഗത്ത് വൻ വളർച്ച നേടാനാവുന്ന പ്രായോഗികമായ നിരവധി നവീന പദ്ധതികൾക്ക് രൂപം നല്കുകയുണ്ടായി.

ആദരണീയ സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ആശ്രമം ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് ചീഫ് അഡ്വൈസർ ആർ. ഗോപാലകൃഷ്ണൻ 'വിഷൻ 2020' യുടെ പ്രസക്തി സംബന്ധിച്ച് വിശദീകരിച്ചു. ഈ പദ്ധതി ശ്രദ്ധാപൂർവ്വം നടപ്പിലാക്കുകയാണെങ്കിൽ വരുന്ന നാലു വർഷം കൊണ്ട് എല്ലാ രംഗങ്ങളിലും നമുക്ക് വലിയ മുന്നേറ്റം ഉണ്ടാക്കാൻ സാധിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

സീനിയർ ജനറൽ മാനേജർ ഡി. പ്രദീപ് കുമാർ ബജറ്റ് അവതരിപ്പിച്ചു. പങ്കെടുത്ത ഏരിയകളുടെയും വിവിധ ഡിപ്പാർട്ടുമെന്റുകളുടെയും റിപ്പോർട്ട് അവതരണവും ഉണ്ടായിരുന്നു. കമ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെന്റിനെ പ്രതിനിധീകരിച്ച് എഡിറ്റർ റ്റി. ശശിമോഹനും മാർക്കറ്റിംഗ് ഡിപ്പാർട്ട്മെന്റിനെ പ്രതിനിധികരിച്ച് അസിസ്റ്റന്റ് ജനറൽ മാനേജർ ഇ.കെ. ഷാജിയും ഓപ്പറേഷൻസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് ഡെപ്യൂട്ടി ജനറൽ മാനേജർ പി.പി. ബാബുവും യോഗത്തിൽ സംസാരിച്ചു. അസിസ്റ്റന്റ് ജനറൽ മാനേജർ കെ.കെ. സന്തോഷ് കുമാർ വിവിധ കമ്മിറ്റികളുടെ ലിസ്റ്റും അസിസ്റ്റന്റ് മാനേജർ എ.റ്റി. ഉമേഷ് ബാബു ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിന്റെ റിപ്പോർട്ടും യോഗത്തിൽ അവതരിപ്പിക്കുകയുണ്ടായി.

വിഷൻ 2020 എന്ന കർമ്മ പദ്ധതിയുടെ ഉദ്ദേശ്യവും ലക്ഷ്യവും ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി വിശദമാക്കി. യോഗത്തിൽ ആദരണീയ സ്വാമി ജനമോഹൻ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ ആറ്റിങ്ങൽ ഏരിയയും ആദരണീയ സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം (സിറ്റി) ഏരിയയും ആദരണീയ സ്വാമി ജനസമ്മതൻ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ നെടുമങ്ങാട് ഏരിയയും, ആദരണീയ സ്വാമി അർച്ചിത് ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ കന്യാകുമാരി ഏരിയയും ആദരണീയ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം (റൂറൽ) ഏരിയയും അസിസ്റ്റന്റ് മാനേജരുടെ നേതൃത്വത്തിൽ നെയ്യാറ്റിൻകര ഏരിയും റിപ്പോർട്ടുകൾ അവതരിപ്പിച്ചു.

അസിസ്റ്റന്റ് ജനറൽ കൺവീനർ എം.പി.പ്രമോദ് സ്വാഗതമാശംസിച്ച യോഗത്തിന് സർവാദരണീയ ജനനി സുപഥ ജ്ഞാനതപസ്വിനി കൃതജ്ഞത പ്രകാശിപ്പിച്ചു. രാവിലെ പത്തു മണിക്ക് ആരംഭിച്ച മീറ്റിംഗ് വൈകുന്നേരം 6.45 ന് പ്രാർത്ഥനയോടെ ഗുരുപാദങ്ങളിൽ സമർപ്പിച്ചു.

ഗുരുചരണം ശരണം
മോഹനം ഒപ്റ്റിക്കൽസ്
കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)
ഫോൺ : 8089695320

# ഗുരുവാണി

ഇന്ത്യയ്ക്കകത്ത് ഇല്ലാത്തത് ഇന്ത്യക്ക് വെളിയിൽ നിന്നും കിട്ടാൻ പോകുന്നില്ല. അതിന് ഒരു ഉദാഹരണമാണ് ഈ പുറംരാജ്യത്തു നിന്നു വന്ന പ്രവാചകമതം. ഈ പ്രവാചകമതത്തിൽ വന്നിരിക്കുന്ന തെറ്റും ശരിയും എടുത്തു കാണിക്കാൻപോലും പരിചയമില്ലാത്ത വൈദികനോ അല്ലെങ്കിൽ മതപണ്ഡിതനോ ആണ് നമുക്കു മുന്നിൽ കിട്ടിയത്. ഈ മതപണ്ഡിതൻ അക്ഷരങ്ങൾ കീറി വ്യാഖ്യാനിച്ച് അതിന്റെ പരിചയത്തിൽ നമ്മൾ ഒരു പുഴുക്കുത്തുള്ള സാധനങ്ങളായി മാറിയിട്ട് വാസ്തവത്തിൽ പുഴുക്കളായി മാറുകയാണ് ചെയ്തത്. ഈ നിലയിൽ അറിവുകേടു പകർന്നുപോയതുകൊണ്ട് സ്നേഹം എങ്ങനെ ആർജിച്ചെടുക്കണം എന്നിങ്ങനെ ഒരു അറിവ് ഇല്ലാതായിപ്പോയി. അതെന്തുകൊണ്ടാണ്? നമ്മുടെ പൂർവികന്മാർ ആശ്രമങ്ങൾ പലതും സ്ഥാപിച്ചിട്ട് ഓരോ ഗുരുക്കന്മാരും കാണിച്ചിരുന്ന സിദ്ധാന്തത്തിൽ ഉറച്ചുനിന്നുകൊണ്ട് അതങ്ങനെ വളർത്തിയെടുത്ത് മാടനെ വച്ച് തമ്പുരാനേയെന്നു വിളിക്കുന്ന, അല്ലെങ്കിൽ കുട്ടിച്ചാത്തനെ വിളിച്ച്, ഇങ്ങനെ പോയിട്ടുള്ള അനവധി കെട്ട ആരാധനയുടെ ബാക്കിയായിട്ട് നമ്മൾ പിറന്നുവീണിരിക്കുകയാണ്.

അപ്പോൾ ഈ പിറന്നുവീണിരിക്കുന്ന ഓരോരുത്തർക്കും തികച്ചും ഈ അറിവുകേടുണ്ടെന്ന് നമ്മൾ അറിയുന്നതുമില്ല. പണ്ഡിതൻ പണ്ഡിതന്റെ പുറകെ പോയി ആ മേന്മയിൽ കണക്കാക്കി പഠിച്ച് അവനു സ്വയമുള്ള കർമത്തിൽ അവൻ മാനിച്ചെടുക്കാൻ കഴിയാത്തവിധം പഠിച്ച് പാപ്പരത്വം പാടിപ്പോയി. എന്താണീ "പഠിച്ചു പാപ്പരത്വ"മെന്ന് നിങ്ങൾ ചോദിച്ചാൽ നിങ്ങൾ ഇന്ന് എന്നോടും ചിലപ്പോൾ ഇവിടെ വന്ന് അധികം ആളുകൾ പറയാറുണ്ട്, ഈ മാനസികരോഗം ഈ "തൈക്കാട്ടുശേരി"യിൽ കൊണ്ടുപോയി കാണിച്ചെന്നാണ് പറയുന്നത്. *Psychiatrist* അല്ലേ? "തൈക്കാട്ടുശേരി"യെന്നാണ് ഞാൻ പറയുന്നത്. ഇവരെ കാണിച്ചാൽ ജന്മാന്തരത്തിന്റെ സുകൃതവിശേഷം ഇവർ മനസുകൊണ്ട് ചിന്തിച്ചെടുക്കുകയാണെങ്കിൽ പിന്നെ ലോകത്ത് വേറൊന്നും വേണ്ടല്ലോ. എത്ര പാപ്പരത്വമാണു നമ്മളിൽ ഒതുങ്ങി നില്ക്കുന്നത്! അപ്പോൾ ഈ പാപ്പരത്വം ഒതുങ്ങിനിന്നാൽ തികച്ചും വിണ്ണന്മാരാകുമെന്നതൊഴിച്ച് നമ്മുടെ ഈ അറിവുകേടിനെന്തെങ്കിലും സാധിച്ചെടുക്കാൻ കഴിയുമോ? അഥവാ സാധിച്ചെടുത്താൽത്തന്നെ നമുക്കു പരസ്പരം തല്ലുകൂടാനുള്ള സമയമല്ലാതെ ഇതിൽ നിന്നു കിട്ടുമോ? ഓരോ മതത്തിലും കുഴിച്ചുവച്ചിരിക്കുന്ന ദൈവമാണ് ഏറ്റവും വലുത്. അത് കഴിയെ ഓരോ ജാതിയിലും കുഴിച്ചുവച്ചിരിക്കുന്ന ദൈവമാണ്. ഇതേ കണക്കിലധികം ചെറുതാക്കിയ ദൈവസമ്പ്രദായത്തെ നിങ്ങൾ എങ്ങനെയാണ് മാനിച്ച് ഒതുക്കിയെടുത്തിരിക്കുന്നതെന്ന് ശരിക്കും പറഞ്ഞാൽ ഒരു വ്യക്തിക്കും പറഞ്ഞു തീർക്കാൻ വയ്യാത്തവിധം നിങ്ങൾ തന്ത്രശാലികളായി മാറിയിരിക്കുകയാണ്. ഇതിനെ നിങ്ങൾക്കു മാറ്റിയെടുക്കാൻ മനസ്സിന്റെ സംസ്കാരവും പെരുമാറ്റത്തിന്റെ വിനയസമ്പന്നമായ കർമവും ധർമ്മം പുലർത്തുന്ന വ്യക്തിത്വമായ കൃത്യനിഷ്ഠയും സ്നേഹം നിറഞ്ഞൊഴുകുന്ന ആ പരമകാരുണ്യമായ ദൈവനിശ്ചയത്തോട് മാറി നിന്നു പൊരുതുന്ന ഒരു കർമഗതിയാണ് ഇന്ന് നമ്മളിൽ നില്ക്കുന്നത്. അതാണ് ഈ തൈക്കാട്ടുശേരി. ഇവർ എന്തു ചെയ്യാനാണ്, ഈ തൈക്കാട്ടുശേരിക്കാർ!

## വചനദീപ്തി

"അനുഭവമാദിയിലൊന്നിരിക്കിലല്ലാ-
തനുമതിയില്ലിതു മുന്നമക്ഷിയാലേ"

**ശ്രീനാരായണഗുരു**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2016 ഡിസംബർ 18 മുതൽ 24 വരെ*

| | | |
|---|---|---|
| **ഞായർ** | - | **ആനന്ദപുരം** |
| **തിങ്കൾ** | - | **ജനസേവികപുരം** |
| **ചൊവ്വ** | - | **രത്നഗിരി** |
| **ബുധൻ** | - | **സ്നേഹപുരം** |
| **വ്യാഴം** | - | **കാഞ്ഞാംപാറ** |
| **വെള്ളി** | - | **പോത്തൻകോട്** |
| **ശനി** | - | **പാലോട്ടുകോണം** |

## യാമപ്രാർത്ഥന

*2016 ഡിസംബർ 22, വ്യാഴം*

**സ്നേഹപുരം, കാഞ്ഞാംപാറ, ജ്യോതിപുരം**

## ജന്മഗൃഹ തീർത്ഥയാത്ര

*2016 ഡിസംബർ 24, ശനി*

## പ്രകാശപദം

# ആത്മാവിന്റെ ശ്രമം

ഒരു ആശ്രമത്തെക്കുറിച്ചു ധരിക്കുമ്പോൾ, ആത്മാവിന്റെ ശ്രമം ആ... ശ്രമം എന്നാണു നാം ധരിക്കേണ്ടത്. ജീവന്റെ വാസനാമയമായ ജന്യതയെ എങ്ങനെ നമ്മൾ പൂർത്തീകരിച്ചുപോകും? അതിന് നമ്മൾ സങ്കല്പിച്ച് ശക്തിപ്പെടുത്തി വച്ചിരിക്കുന്ന വകയെന്ത്? അത് ശൈവസമ്പ്രദായത്തിൽപ്പെട്ടതോ ശാക്തേയ സമ്പ്രദായത്തിൽപ്പെട്ടതോ അതോ ദീർഘദർശീപദത്തിൽ പോയ ഏതെങ്കിലും ഗുരുമാർഗമോ? അതുമല്ലെങ്കിൽ ഏതെങ്കിലും ദേവനെയോ ദേവിയെയോ വച്ചു പൂജിച്ചിട്ട് സിദ്ധിയോ മന്ത്രവാദമോ കൺകെട്ടുവിദ്യയോ ചെയ്തുപോകുന്നതോ? ഇതൊന്നുമല്ല.

എങ്ങനെയായിരിക്കണം തന്റെ ആത്മാവിന്റെ ശുദ്ധീകരണസ്വഭാവം? ഒരാൾ ഉപാസനാമൂർത്തിയായ ഏതിനെയെങ്കിലും കണ്ടിട്ടുണ്ടെങ്കിൽ ആ മൂർത്തി ഏതിനെ നമിക്കുന്നു എന്നു കാണണം. കണ്ടിട്ട് തന്റെ ഗുരു ആരാണെന്നറിയണം. ഇങ്ങനെ അറിയുന്ന ഒരു അനുഭവസിദ്ധാന്തമാണ് ശാന്തിഗിരിയിലുള്ളത്. ഈ സിദ്ധാന്തം ആർക്കും അനുഭവത്തിൽക്കൂടി മനസിലാക്കി ജ്ഞാനസ്വഭാവത്തിലേക്ക് എത്തിച്ചേരാൻ പര്യാപ്തമാണ്. അപ്പോൾ ഈ എത്തിക്കുന്നത് എന്താണ്? എവിടെയാണ് അതിന്റെ വാസം?

ശ്രീനാരായണഗുരു ദൈവചിന്തനം എന്ന ലേഖനത്തിൽ, " ഈ ലോകത്ത് ബഹുവിധം ജീവികോടികൾ വസിക്കുന്നതുപോലെ ഗന്ധം, ശീതം, ഉഷ്ണം ഈ ഗുണങ്ങളോടുകൂടിയ വായുലോകത്തിലും അനന്തജീവകോടികൾ ഇരിക്കുന്നു" എന്ന് യോഗഭ്രഷ്ടസമൂഹത്തിന്റെ അനേകഭാവങ്ങളെ വിവരിച്ചിട്ടുണ്ട്. എന്നിട്ട് അവസാനം സ്വാമി "അസീദഗ്രേ സദേവേദം" എന്നും പറഞ്ഞിരിക്കുന്നു. ഈ അറിവിന്റെ ഭാഗം എവിടെ നിന്നുണ്ടായി എന്ന് ശിഷ്യൻ ഗുരുവിൽക്കൂടി അറിയണം. അറിഞ്ഞാൽ മാത്രം പോരാ, മാംസക്കണ്ണുകൊണ്ട് കണ്ടിട്ട് ഋഷിയും ദേവനും ജ്ഞാനിയും ഭക്തനുമായി ഋഷിസമ്പ്രദായങ്ങളിലും സന്ന്യാസിസമ്പ്രദായങ്ങളിലുമായി ഈ ഭൂലോകത്തും വായുലോകത്തും ഏതെല്ലാം സൂക്ഷ്മരൂപികളുണ്ടോ ഇവയെല്ലാം തന്റെ ഗുരുവിനെ നമിക്കുന്നതായും, ഗുരു ഇതിനെല്ലാം അപ്പുറം കടന്ന് ഈ ദേവനെയും ദേവിയെയും ഋഷിയെയും ജ്ഞാനിയെയും ഭക്തനെയും അതുപോലെ അണുവിനെ വരെ കടത്തിവിടുന്നതായും കാണുന്ന വശം അനുഭവസിദ്ധാന്തത്തിലുണ്ട്. ഈ സിദ്ധാന്തസ്വഭാവത്തെയാണ് പൂർത്തീകരിച്ചുപോകേണ്ടത്. അല്ലെങ്കിൽ ഈ മനുഷ്യൻ യോഗഭ്രഷ്ടസമൂഹം എന്ന അന്തരീക്ഷമാലിന്യത്തിൽപ്പെട്ടു പറന്നു നിന്നിട്ട് ഏതെങ്കിലും വിധത്തിലുള്ള ഭരണതന്ത്രജ്ഞൻമാരോ ഒരു ഭാഗത്ത് കുടിലതയും ഒരു ഭാഗത്ത് വിശാലമനസ്കതയും ഉള്ളവരോ അസത്യവാദിയോ സത്യവാദിയോ ഏതെങ്കിലും തരത്തിലുള്ള മഹാത്മാവോ അല്ലെങ്കിൽ സന്ന്യാസിയോ ആയി മാറും.

അണു മുതൽ അഖണ്ഡം വരെയുള്ള സൂക്ഷ്മഭാവത്തെയോ നേരത്തെ സൂചിപ്പിച്ച അറിവിന്റെ ഭാഗം വരെയോ ചിന്തിച്ചാലും ഒരാൾക്ക് ഇപ്പോൾ പറഞ്ഞ ഭാഗം മനസിലാകണമെന്നില്ല. പക്ഷെ നിങ്ങളുടെ കുട്ടികൾക്ക് ഇതു മനസിലാകുന്ന വശം ഉതകിയിട്ട് ഇത് എടുക്കുന്ന സ്ഥിതി വരും. അന്ന് ഈ ലോകവും രാജ്യവും എന്നല്ല ഓരോ വ്യക്തിയും ദൈവകനിവിനെ മാനിച്ച് ഭരിക്കുന്ന ഒരു ഭരണതന്ത്രം ഇവിടെ വന്നുചേരും. അന്നേ ഈ ലോകത്തിന് ഇന്നു കാണുന്നപോലെ ഈ എടുത്തു തൂങ്ങിനില്ക്കുന്ന കാപട്യത്തിൽ നിന്നും മാറ്റം വരൂ. ആ ഒരു മാറ്റം ഒരുമയിലും പ്രാർത്ഥനയിലും പിന്നെ ഗുരു കാണിച്ചു തന്ന ഈ വഴിയിലും കൂടി പോയിട്ട് ഈ അന്തരീക്ഷമാലിന്യം എന്താണെന്നു മനസിലാക്കാൻ കഴിയുന്നതാകണം.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# ജീവന്റെ പരിണാമത്തിനുതകുന്ന പ്രവൃത്തി മാർഗം

ജീവനും ശരീരവും ഒരുമിച്ചു നില്ക്കുമ്പോൾ മനുഷ്യൻ എന്നു പറയും. ജീവൻ ശരീരത്തെ ഉപേക്ഷിച്ചുപോകുമ്പോൾ മൃതശരീരം എന്നേ പറയൂ. അലങ്കാരങ്ങളും ബിരുദങ്ങളും അവിടെ അവസാനിക്കുന്നു. ശരീരത്തിനെക്കൊണ്ട് ചിന്ത, വാക്ക്, പ്രവൃത്തി ഇതു മൂന്നും ചെയ്യിക്കുന്നത് ഈ ജീവനാണ്. അടിസ്ഥാന ജീവിതസൗകര്യങ്ങൾ ലഭ്യമായിക്കഴിഞ്ഞാൽ മനുഷ്യജീവിതത്തിൽ പിന്നെയൊന്നും നേടാനില്ല എന്ന് ദൃഢമായി വിശ്വസിക്കുകയും ആ സൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവർക്ക് അത് നേടിക്കൊടുക്കാൻ അശ്രാന്തം പരിശ്രമിക്കുകയും അതിലൂടെ ലോകത്തിന്റെ പല ഭാഗത്തും മനുഷ്യന്റെ ഭൗതികാവസ്ഥയ്ക്ക് ഒരളവുവരെ മാറ്റം വരുത്തുകയും ചെയ്ത തത്ത്വസംഹിതകളും അവയുടെ പ്രവർത്തനവും ലോകം കണ്ടു. എന്നാൽ ഈ തത്വസംഹിതകളും അവയുടെ പ്രയോക്താക്കളും സൃഷ്ടിച്ചു വച്ച ജീവിതസംസ്കാരം കുടുംബമെന്ന അടിസ്ഥാനഘടകത്തെ, അതിന്റെ സംസ്കാരത്തെ മലീമസമാക്കിയിരിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ജീവിതത്തിന് പരിണാമം സംഭവിക്കുന്നതോടൊപ്പം ജീവന്റെ പരിണാമത്തിനുതകുന്ന ഒരു പ്രവൃത്തി മാർഗം കൊടുക്കാൻ ഈ മാറ്റത്തിന്റെ വക്താക്കൾക്കു കഴിഞ്ഞില്ല.

ജീവിതപുരോഗതിക്കൊപ്പം ജീവന്റെ പുരോഗതിയും സാധ്യമാക്കുന്ന ഒരു മാർഗം, ഭൗതിക പരിഷ്കാരത്തോടൊപ്പം ആത്മസംസ്കാരവും പരിപോഷിപ്പിച്ചെടുക്കുന്ന ഒരു പ്രവർത്തന പദ്ധതി; അത് വെറും തത്വസംഹിതകളിൽ ഊന്നിക്കൊണ്ടുള്ളതോ സിദ്ധാന്തങ്ങളിലും അനുമാനങ്ങളിലും അടിസ്ഥാനപ്പെടുത്തിയുള്ളതോ ആയിരിക്കരുത്. അനുഭവത്തിലൂടെ തെളിഞ്ഞുവന്നതും ഓരോ മനുഷ്യജീവിക്കും സ്വാനുഭവത്തിലൂടെ ബോധ്യമായതുമായിരിക്കണം. അങ്ങനെ ഒരു പ്രവൃത്തിമാർഗം സ്ഥായീഭാവത്തിൽ ലോകത്തിനുതകാൻ, തന്റെ ജീവിതം കൊണ്ടു നേടി ഇവിടെ പ്രവർത്തിച്ചു പൂർത്തിയാക്കി ലോകത്തിനു ദാനം ചെയ്യുന്നവനാണ് യഥാർത്ഥ ജീവകാരുണ്യപ്രവർത്തകൻ. ഒരു പുൽക്കൊടി മുതൽ പരിണാമ പാരമ്യതയിലെത്തിയെന്നു പറയുന്ന മനുഷ്യന്റെ വരെ ഉള്ളിൽ ജ്വലിക്കുന്ന ജീവന്റെ ഗതിവിഗതികൾ കണ്ടറിഞ്ഞ് ഗുരു തന്റെ കരുണാഖഡ്ഗത്താൽ ആ ജീവന്റെ കെട്ടുകളെ അറുത്ത് പരിണാമപ്പെടുത്തി, പരിപാകപ്പെടുത്തി അതിലൂടെ ജീവിത സൗഭാഗ്യത്തിന്റെ എല്ലാ മഹിത രംഗങ്ങളും ആ ജീവന് അനുഭവവേദ്യമാക്കിക്കൊടുക്കുന്നു. ഈ പ്രവർത്തനമാണ് ജീവകാരുണ്യപ്രവർത്തനം. മറ്റെല്ലാം ജീവിതകാരുണ്യപ്രവർത്തനമാണ്.

പാത്രത്തിന്റെ അടിസ്ഥാനത്തിലെ ദ്വാരം അടച്ചിട്ടു വേണം വെള്ളം നിറയ്ക്കാൻ. എങ്കിലേ ദാഹത്തിനു ആ വെള്ളം ഉതകൂ. ജീവനെ പ്രാപ്തമാക്കിയിട്ട് ആ പ്രാപ്തിക്കൊത്ത് ജീവിതം വളർത്തിക്കൊണ്ടു വരണം. അങ്ങനെ ഭൗതികവും ആത്മീയവും തോളോടുതോൾ ചേർന്ന് മുന്നോട്ടുപോകണം.

## എച്ച്.ആർ. അറിയിപ്പുകൾ

HR Human Resources

തിരുവനന്തപുരം റൂറൽ ഓഫീസിലെ അസിസ്റ്റന്റ് മാനേജർ കെ. ജെ രാജേഷിനെ ഓർഗനൈസിംഗ് സെക്രട്ടറിയുടെ ഓഫീസിനു കീഴിൽ പ്രവർത്തിക്കുന്ന എൻ. എൻ കമ്യൂണിക്കേഷനിലേക്ക് മാറ്റി നിയമിച്ചു.

# ആശ്രമം ഗോശാലയിൽ ശാന്തിമഹിമ പ്രവർത്തകരുടെ കർമ്മം

**ജ്യോതിപുരം :** ആശ്രമം ഗോശാലയിൽ ശാന്തിഗിരി ശാന്തിമഹിമ പ്രവർത്തകർ ഞായറാഴ്ചകളിൽ നടത്തുന്ന ശ്രമദാനം ശ്രദ്ധേയമാകുന്നു. എല്ലാ ഞായറാഴ്ചകളിലും രാവിലെ മുതൽ ഉച്ചവരെയുള്ള സമയത്ത് ഗോശാലയിലെ പ്രവർത്തനങ്ങളിൽ സഹായിച്ചുകൊണ്ടാണ് ശാന്തിമഹിമയുടെ പ്രവർത്തകർ മാതൃകയാകുന്നത്. രാവിലെ എട്ടു മണിയോടെ എത്തുന്ന മുപ്പതോളം പ്രവർത്തകർ പ്രാർത്ഥനയ്ക്ക് ശേഷം പശുക്കളെ കുളിപ്പിച്ച് ഗോശാല വൃത്തിയാക്കുകയാണ് ആദ്യം ചെയ്യുക. തുടർന്ന് ഓരോ പശുക്കളെയും അഴിച്ച് മേയാൻ വിടുകയും തിരിച്ച് എത്തിച്ച് പുല്ലും വെള്ളവും നല്കുകയും ചെയ്യും. അതിനുശേഷം തങ്ങൾ തയ്യാറാക്കിക്കൊണ്ടുവരുന്ന ഭക്ഷണം പ്രാർത്ഥനാപൂർവ്വം അവിടെ വച്ചു തന്നെ കഴിച്ചതിനും ശേഷമാണ് ശാന്തിമഹിമ പ്രവർത്തകർ മടങ്ങുന്നത്.

കുട്ടികൾക്ക് മാർഗനിർദ്ദേശം നല്കിക്കൊണ്ട് ആദരണീയ സ്വാമി ജനമോഹനൻ ജ്ഞാനതപസ്വിയും ഒപ്പമുണ്ട്. ശാന്തിമഹിമയുടെ ഈ പ്രവർത്തനം ഗോശാലയിൽ സേവനം ചെയ്യുന്നവർക്ക് സഹായമാകുന്നതിന് പുറമെ ആത്മബന്ധുക്കൾക്ക് മാതൃകയായി മാറുന്നു.

ആശ്രമം ഗോശാലയിലെ കർമ്മത്തിനുള്ള സവിശേഷമായ പ്രാധാന്യവും പ്രസക്തിയും ഗുരുവാണികളിൽ നിന്ന് വ്യക്തമാണ്. ഏതോ കർമ്മപിശകിനാൽ മൃഗജന്മമെടുക്കേണ്ടി വന്ന മഹാത്മാക്കളാണ് ഗുരുവിന്റെ ആശ്രമത്തിലെ ഗോക്കൾ എന്ന് ഒരു പ്രഭാഷണമദ്ധ്യേ അറിയിച്ച അഭിവന്ദ്യ ശിഷ്യപൂജിത ഗോശാലയിലെ കർമ്മത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തുകയുണ്ടായി.



*ജ്യോതിപുരത്ത് ശ്യാംജി ശശിധരൻ–സ്മിതാലക്ഷ്മി ദമ്പതിമാർ നിർമ്മിച്ച 'ശാന്തിശ്രീ' ഭവനം. ഗൃഹപ്രവേശനം ഇന്ന് രാവിലെ 11.30 ന്*

# ഗൃഹസ്ഥാശ്രമസംഘം യൂണിറ്റ് പ്രാർത്ഥനായോഗങ്ങൾ നടന്നു

**സ്പിരിച്വൽ സോൺ :** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ വിവിധ യൂണിറ്റ് പ്രാർത്ഥനയോഗങ്ങൾ ഡിസംബർ 10 ശനിയാഴ്ച നടക്കുകയുണ്ടായി. പോത്തൻകോട് യൂണിറ്റിലെ സുജിത് വാസുദേവന്റെ 'ഗുരുസ്തുതി' ഭവനത്തിൽ വച്ചു നടന്ന പ്രാർത്ഥനയിൽ സർവ്വാദരണീയ സ്വാമി ധർമ്മാനന്ദ ജ്ഞാനതപസ്വിയും, പാലോട്ടുകോണം യൂണിറ്റിലെ വിശ്വംഭരൻ എ.ആർ.-ശ്യാമളാ സി.പി ദമ്പതികളുടെ ഭവനമായ 'ഗുരുചിന്താമണി'യിൽ വച്ചു നടന്ന പ്രാർത്ഥനയിൽ ആദരണീയ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വിയും ആനന്ദപുരം യൂണിറ്റിലെ പ്രമോദ് എം.പി – ഗീതാഭായി ബി. എന്നിവരുടെ ഭവനമായ 'ദയാമന്ദിര'ത്തിൽ വച്ചു നടന്ന പ്രാർത്ഥനായോഗത്തിൽ ആദരണീയ സ്വാമി ജനമോഹനൻ ജ്ഞാനതപസ്വിയും സംബന്ധിക്കുകയുണ്ടായി.

# ലേഖ ടീച്ചർ; ഒരു അനുസ്മരണം

ഉണ്ണി രത്നഗിരി

സാധാരണഗതിയിൽ മരണം എന്റെ മനസിനെ അസ്വസ്ഥമാക്കാറില്ല. ഭൗതിക പ്രലോഭനങ്ങൾക്ക് പിറകേ പായുന്ന ഈ ലോകത്ത് അതിൽ നിന്ന് സ്വാഭാവികമായും സൃഷ്ടിക്കപ്പെടുന്ന അശാന്തിയും മൂല്യച്യുതിയും നിറഞ്ഞ ഭൂമിയിൽ നിന്ന് ആ ജീവൻ രക്ഷപ്പെട്ടല്ലോ എന്നൊരാശ്വാസമാണ് എനിക്ക് തോന്നാറുള്ളത്.

എന്നാൽ ലേഖ ടീച്ചറുടെ മരണം അറിഞ്ഞപ്പോൾ എന്റെ മിഴിയിണകൾ ഞാൻ അറിയാതെ ഈറനായി. ഗുരുതരമായ രോഗത്തിനടിപ്പെട്ട് വർഷങ്ങളായി ചികിത്സയിൽ കഴിയുന്ന അവരുടെ അന്ത്യം എന്റെ ഹൃദയത്തിൽ ഒരു വിങ്ങലുണ്ടാക്കിയെങ്കിൽ അതിന്റെ കാരണം അവരുടെ ഹൃദയത്തിന്റെ നൈർമല്യവും മനസിന്റെ വിശുദ്ധിയും മാത്രമാണ്.

ചുരുങ്ങിയ കാലത്തെ പരിചയം മാത്രമാണ് എനിക്ക് ലേഖ ടീച്ചറുമായുള്ളത്. 'കനൽവഴിയിലെ കാരുണ്യം' എന്ന പുസ്തകത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടാണ് ഞാൻ ലേഖ ടീച്ചറുമായി ആദ്യം പരിചയപ്പെടുന്നത്. ആ പുസ്തകത്തിൽ പ്രസിദ്ധീകരിക്കുന്നതിന് ആത്മബന്ധുക്കൾ നല്കിയ അനുഭവങ്ങളുടെ പകർപ്പ് എടുന്നതിന് അവർ സ്വമേധയാ മുന്നോട്ടു വന്നു. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ അവർ കീമോ തെറാപ്പിക്കു വിധേയയായിക്കൊണ്ടിരുന്ന സമയമായിരുന്നു അപ്പോൾ. കീമോ തെറാപ്പി കഴിഞ്ഞാൽ കടുത്ത ക്ഷീണമുണ്ടാകും. എന്നാൽ ടീച്ചർ ചികിത്സ കഴിഞ്ഞാൽ നേരെ ആശ്രമത്തിലെത്തി പകർപ്പെഴുതുന്നതിൽ മുഴുകും. പലപ്പോഴും അവരുടെ ശാരീരികാവശതയോർത്ത് വീട്ടിൽ പോയി വിശ്രമിക്കുവാൻ പറഞ്ഞിട്ടുണ്ട്. എന്നാൽ ഗുരുവിനും പ്രസ്ഥാനത്തിനുമായി എന്തെങ്കിലും കർമ്മം ചെയ്യുമ്പോഴാണ് എനിക്ക് ശക്തിയും ഉന്മേഷവും കിട്ടുക എന്നാണവർ പറഞ്ഞത്. ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിലെ കർമ്മത്തിനു പുറമെയാണ് ഈ രോഗാവസ്ഥയിലും ഈ കർമ്മവും അവർ ചെയ്തത്. ഗുരുവിനോടും പ്രസ്ഥാനത്തോടുമുള്ള അവരുടെ സമർപ്പണം അത്ര ശക്തവും തീവ്രവുമായിരുന്നു.

ഗൃഹസ്ഥാശ്രമസംഘം ആഫീസിലെ പ്രവർത്തനങ്ങൾ ആത്മബന്ധുക്കളെ അറിയിക്കുന്നതിൽ ഒരു നിർണ്ണായക പങ്കാണ് ടീച്ചർ വഹിച്ചിരുന്നത്. അതിലുപരി വിവിധ വിഷമതകൾക്ക് പരിഹാരം തേടി ആഫീസിലെത്തുന്ന ആത്മബന്ധുക്കളുടെ വേദനകൾ സ്വന്തം വേദന പോലെ കണ്ട് അവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന ടീച്ചറിനെ ഞാൻ പലതവണ കണ്ടിട്ടുണ്ട്. തീർത്തും കിടപ്പിലാകുന്ന ഏതാനും ആഴ്ചകൾക്കു മുമ്പു വരെ ടീച്ചർ ആഫീസിലെത്തുമായിരുന്നു. പ്രാർത്ഥനയോടൊപ്പം കർമ്മവും എന്ന ഗുരുവാക്ക് അക്ഷരംപ്രതി സ്വജീവിതത്തിൽ അനുഷ്ഠാനമാക്കിയ ഒരു യഥാർത്ഥ ഗുരുഭക്ത.

സഹജീവികളോട് ഇത്രമാത്രം നിഷ്കളങ്കമായ സ്നേഹമുള്ള ഒരു വ്യക്തിയെ ഞാൻ കണ്ടിട്ടില്ല. എല്ലാവരോടും സ്നേഹം മാത്രം. മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും, ടീച്ചർക്ക് പറഞ്ഞുരസിക്കാനുള്ള ഒരു വിഷയമായിരുന്നില്ല. മറിച്ച് ഹൃദയവേദനയായിരുന്നു. ആ കുറവുകൾ മാറിപ്പോകുവാനുള്ള നിതാന്തപ്രാർത്ഥനയായിരുന്നു ആ ജീവിതം. തന്നെ ദ്വേഷിക്കുന്നവരുടെ പോലും നന്മയ്ക്കായി പ്രാർത്ഥിക്കുവാൻ മാത്രമെ ആ നിഷ്കളങ്ക മനസിനു കഴിയുമായിരുന്നുള്ളു.

അടുത്തറിയുന്ന എല്ലാവരുടെയും മനസിൽ വേദനയുടെയും വിങ്ങലിന്റെയും അവശേഷിപ്പുകൾ ബാക്കിയാക്കി ടീച്ചർ യാത്രയായി. ആ ജീവന് സകലവിധ നന്മയും ലഭിക്കട്ടെ എന്ന പ്രാർത്ഥന ബാഷ്പാഞ്ജലിയായി ഗുരുതൃപ്പാദത്തിൽ സമർപ്പിക്കുന്നു. സത്ഗുരുവേ ശരണം.

# രുചിക്കൂട്ടുകളുമായി കേക്കുകൾ ; ക്രിസ്മസ് വിപണി സജീവമായി

**പോത്തൻകോട് :** ക്രിസ്മസ് അടുത്തെത്തിയതോടെ വൈവിധ്യമാർന്ന ആധുനിക കേക്കുകൾ വിപണി കൈയടക്കുന്നു. ഒരുകാലത്ത് ക്രിസ്മസ് കാർഡുകളും മറ്റുമാണ് വിപണിയിൽ ശ്രദ്ധ നേടിയിരുന്നതെങ്കിൽ ഇപ്പോൾ കേക്കുകളും അലങ്കാരവസ്തുക്കളുമാണ് ആ സ്ഥാനം കൈയടക്കിയിരിക്കുന്നത്. മുമ്പുള്ളതുപോലെ അറുപതോ നൂറോ രൂപയുടെ സാധാരണ പ്ലം കേക്കുകളല്ല ആയിരങ്ങൾ വിലവരുന്ന ആഡംബര കേക്കുകളാണ് ഇപ്പോൾ വിപണിയിലെ താരങ്ങൾ. ബ്ലാക്ക് ഫോറസ്റ്റ്, വൈറ്റ് ഫോറസ്റ്റ് കേക്കുകളായിരുന്നു കഴിഞ്ഞ വർഷങ്ങളിലെ രാജാക്കന്മാരെങ്കിൽ നിറത്തിലും രുചിയിലും രൂപഭാവാദികളിലും വൈവിധ്യങ്ങൾ നിറഞ്ഞ നിരവധി പുതുമുഖങ്ങൾ ഇത്തവണ കടുത്ത മത്സരവുമായി രംഗത്തുണ്ട്. വീടുകളിലേക്കും വിവിധ സ്ഥാപനങ്ങളിലേക്കും മാത്രമല്ല ക്രിസ്മസ് കൂട്ടായ്മകൾക്കും ഒഴിച്ചുകൂടാനാവാത്തതാണെന്നതാണ് കേക്കുകളുടെ മൂല്യമുയർത്തുന്നത്. കേക്കും വൈനുമെന്ന കോമ്പിനേഷനുണ്ടെങ്കിലും മദ്യത്തിന്റെ ഗണത്തിൽ വരുന്നതിനാൽ വൈൻ ഒഴിവാക്കുന്നവരും ഏറെയാണ്. മുട്ട ചേർത്ത് തയ്യാറാക്കുന്നതിനാൽ കേക്ക് ഉപയോഗിക്കാത്ത കടുത്ത വെജിറ്റേറിയൻമാരും കുറവല്ല. എന്തായാലും ക്രിസ്മസ് കാലത്തെ താരം കേക്കു തന്നെ. ശാന്തിഗിരി മധുരം ബേക്കറിയിൽ ആകർഷകമായ വിവിധതരം ക്രിസ്മസ് കേക്കുകളുടെ ശേഖരം തയ്യാറായിട്ടുണ്ട്.



# ശാന്തിഗിരി ആശ്രമം ചെന്നൈ ബ്രാഞ്ച് ഓങ്കാരം പ്രതിഷ്ഠാകർമ്മം

**ചെന്നൈ :** ശാന്തിഗിരി ആശ്രമം ചെന്നൈ ബ്രാഞ്ചിന്റെ ഓങ്കാരം പ്രതിഷ്ഠാകർമ്മം ഡിസംബർ 13 ന് നടന്നു. രാവിലെ 11.30 നും 12.30 നും ഇടയ്ക്കു നടന്ന ചടങ്ങിൽ ആശ്രമം ജനറൽ സെക്രട്ടറി സർവാദരണീയ സ്വാമി ചൈതന്യ ജ്ഞാനതപസ്വി പ്രതിഷ്ഠാകർമ്മം നിർവഹിച്ചു. ചെന്നൈ നഗരത്തിലും പരിസരപ്രദേശങ്ങളിലും തലേ ദിവസം കനത്ത ചുഴലിക്കാറ്റ് ആഞ്ഞടിച്ചിരുന്നെങ്കിലും പ്രതിഷ്ഠാദിനത്തിൽ പ്രകൃതി ശാന്തമായിരുന്നു. വൈകുന്നേരം ദീപം പ്രദക്ഷിണവും ഉണ്ടായിരുന്നു. ചെന്നൈ നഗരത്തിനു സമീപം ചെയ്യൂരിലാണ് പുതിയ ബ്രാഞ്ചാശ്രമം നിലവിൽ വരുന്നത്.



*ശാന്തിഗിരി ആശ്രമം ചെന്നൈ ബ്രാഞ്ച്*

# വൈക്കം പ്രാർത്ഥനാകേന്ദ്രത്തിൽ വിളക്കു തെളിയിച്ചു

**വൈക്കം:** ശാന്തിഗിരി ആശ്രമം വൈക്കം പ്രാർത്ഥനാകേന്ദ്രത്തിൽ വിളക്കു തെളിയിക്കൽ ചടങ്ങ് നടന്നു. ഡിസംബർ 13 ന് രാവിലെ ഒൻപത് മണിക്ക് നടന്ന ചടങ്ങിന് ആദരണീയ സ്വാമി മധുരനാദൻ ജ്ഞാനതപസ്വി നേതൃത്വം നൽകി. നൂറുകണക്കിന് ആത്മബന്ധുക്കൾ ചടങ്ങിൽ സംബന്ധിച്ചു. രണ്ട് ദശാബ്ദങ്ങൾക്കു മുമ്പ് ഗുരു സന്ദർശിച്ച സ്ഥലത്താണ് വൈക്കം പ്രാർത്ഥനാകേന്ദ്രം സ്ഥിതി ചെയ്യുന്നത്.



# പൗർണമി തട്ടം സമർപ്പണം ഇരുനൂറ്റിയൊന്നിലെത്തി

**സ്പിരിചൽ സോൺ :** പൗർണമി ദിവസങ്ങളിൽ വൈകുന്നേരം ഒൻപത് മണിയുടെ ആരാധനയ്ക്ക് ശേഷം സഹകരണ മന്ദിരത്തിൽ വച്ചു നടത്തുന്ന ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ തട്ടം സമർപ്പണം 201 എണ്ണം പൂർത്തിയാക്കി. പർണ്ണശാലാ സമർപ്പണത്തോടനുബന്ധിച്ച് അഭിവന്ദ്യ ശിഷ്യപൂജിതയുടെ നിർദ്ദേശപ്രകാരം ആരംഭിച്ച ചടങ്ങാണ് ഇത്. പർണശാലയുടെ നിർമാണത്തിനായുള്ള തുക കണ്ടെത്തുന്നതിനു വേണ്ടി വിശ്വാസികളുടെ സമർപ്പണം സ്വീകരിക്കുന്നതിനായിട്ടാണ് ഈ തട്ടം സമർപ്പണം ആരംഭിച്ചത്. അലങ്കരിച്ച തട്ടത്തിൽ വിശ്വാസികളുടെ സമർപ്പണം ഒരു കുടത്തിലാക്കി ഗുരുവിന് സമർപ്പിക്കുന്നു. സമർപ്പണത്തിനൊപ്പം പ്രാർത്ഥന, ഗുരുവാണി വായന, ലഘുപ്രഭാഷണം എന്നിവയും ഉണ്ടാകും. പർണശാലാ സമർപ്പണത്തിനു ശേഷവും ഈ സമർപ്പണം തുടരണമെന്നുള്ള ഗുരുനിർദ്ദേശം അനുസരിച്ച് ഈ തട്ടം സമർപ്പണം തുടർന്നു പോരുകയായിരുന്നു. അതാണിപ്പോൾ 201 എണ്ണം (പതിനേഴ് വർഷങ്ങൾ) പൂർത്തിയാക്കിയിരിക്കുന്നത്.

# 'ഒ.വി. വിജയൻ സാഹിത്യത്തിൽ അസുലഭ നിമിഷങ്ങൾ സമ്മാനിച്ചു'

**കോട്ടയം :** മലയാള സാഹിത്യത്തിൽ അസുലഭ നിമിഷങ്ങൾ സമ്മാനിച്ച വ്യക്തിയാണ് ഒ.വി. വിജയനെന്ന് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി. കോട്ടയം സിഎംഎസ് കോളേജിൽ നടന്ന ഒ.വി. വിജയൻ സാഹിത്യപ്രപഞ്ചം പ്രഭാഷണം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു സ്വാമി. ആധുനിക കാലത്ത് സാഹിത്യകാരന്മാരും സാംസ്കാരിക നായകന്മാരും ഭരണ സംവിധാനത്തോട് സമരസപ്പെടുകയാണെന്നു സ്വാമി പറഞ്ഞു. എന്നാൽ വിജയനെപ്പോലുള്ളവർ അന്നത്തെ ഭരണവ്യവസ്ഥിതിയുടെ ഫ്യൂഡൽ രീതികൾക്കെതിരെ ശക്തമായി പോരാടിയവരായിരുന്നെന്നു സ്വാമി ചൂണ്ടിക്കാട്ടി.



*കോട്ടയം സി.എം.എസ് കോളേജിൽ നടന്ന ഒ.വിവിജയൻ അനുസ്മരണം സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി ഉദ്ഘാടനം ചെയ്യുന്നു*

# കുട്ടികളെ ആകർഷിച്ച് ഗുരുകാന്തി ക്ലാസുകൾ

**സ്പിരിചൽ സോൺ :** ശനിയാഴ്ചകളിൽ നടക്കുന്ന ഗുരുകാന്തിയുടെ സ്പഷ്യൽ ക്ലാസിൽ പങ്കെടുക്കുന്നതിന് കൂടുതൽ കുട്ടികൾ എത്തിത്തുടങ്ങി. ആകർഷണീയമായ ക്ലാസുകളും കുട്ടികളുടെ കലാകായിക വാസനകൾ വികസിപ്പിക്കാനുതകുന്ന മത്സരങ്ങളും ആണ് നിരവധി പുതിയ കുട്ടികളെ ഈ സ്പെഷ്യൽ ക്ലാസിലേക്ക് ആകർഷിക്കുന്ന ഘടകങ്ങൾ. നുറുങ്ങുകഥകളിലൂടെയും ഗുരുവിന്റെ വാക്കുകളിലൂടെയും മനോഹരമായ ക്ലാസുകളാണ് ഗുരുകാന്തി പഠിതാക്കളുടെ ശനിയാഴ്ചകളെ വ്യത്യസ്തമാക്കുന്നത്. ആദരണീയ ജനനിമാരുടെയും മറ്റു പ്രമുഖ വ്യക്തികളുടെയും ക്ലാസുകളും കുട്ടികളെ ആകർഷിച്ചിട്ടുണ്ട്. ആശ്രമോചിതമായ ചിട്ടവട്ടങ്ങളോടെ തയ്യാറാക്കിയ ഗുരുകാന്തിയുടെ പുതിയ സിലബസ് പ്രകാരമാണ് ശനിയാഴ്ചത്തെ സ്പെഷ്യൽ ക്ലാസ് നടന്നുവരുന്നത്.



*ആശ്രമം സന്ദർശിച്ച ചലച്ചിത്രതാരം ശ്രീദേവി ഉണ്ണി സ്പിരിച്വൽ സോണിൽ. അന്തരിച്ച നടി മോനിഷയുടെ അമ്മയാണ് ശ്രീദേവി ഉണ്ണി.*

# ദിവംഗതയായി



*ലേഖ എസ്.*

**സ്നേഹപുരം :** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിൽ സേവനം ചെയ്തുവന്നിരുന്ന സ്നേഹപുരം യൂണിറ്റിലെ 'കളഭം' വീട്ടിൽ ലേഖഎസ് (52) ഡിസംബർ 16 ന് ദിവംഗതയായി. സംസ്കാരം നടന്നു. ദീർഘകാലമായി അസുഖബാധിയായിരുന്നു. ഭർത്താവ് : ജയകുമാർ. മക്കൾ: അഖിൽ ജെ.എൽ. (ഏരിയ മാനേജർ, ശാന്തിഗിരി ആശ്രമം കോട്ടയം), ആര്യ (അദ്ധ്യാപിക), ശാന്തിപ്രിയൻ ജെ.എൽ. (വിദ്യാർത്ഥി). മരുമകൻ: തൃദീശൻ.

ലേഖ എസിന്റെ വിയോഗത്തിൽ ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അനുശോചിച്ചു. മാരകമായ അസുഖത്തിന്റെ തീവ്രവേദനകൾ സഹിച്ചുകൊണ്ടു പോലും സദാ കർമനിരതയും പ്രാർത്ഥനാഭരിതയുമായി ജീവിച്ച് ജീവിതം ഗുരുവിലണച്ച ലേഖ ടീച്ചറുടെ ജീവിതം മാതൃകാപരമാണെന്ന് സ്വാമി പറഞ്ഞു.

# ശാന്തിഗിരി വിദ്യാഭവനിൽ പ്രതിമാസ സംവാദം ആരംഭിച്ചു

**എജ്യൂക്കേഷൻ സോൺ :** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂൾ ഡിബേറ്റ് ക്ലബിന്റെ ആഭിമുഖ്യത്തിൽ പ്രതിമാസ സംവാദം ആരംഭിച്ചു. എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച ഉച്ചയ്ക്ക് രണ്ടര മുതൽ മൂന്നര വരെയാണ് സംവാദം സംഘടിപ്പിച്ചിരിക്കുന്നത്.

ആദ്യസംവാദത്തിൽ പ്രമുഖ യുവവാഗ്മി രാഹുൽ ഈശ്വർ മോഡറേറ്ററായി. വിദ്യാർത്ഥികൾക്ക് സമകാലിക വിഷയങ്ങളിൽ അറിവു പകരാനും ജീവിതവീക്ഷണം രൂപപ്പെടുത്താനുമായി സംഘടിപ്പിച്ചിരിക്കുന്ന ഈ സംവാദത്തിൽ പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിലെ മുഴുവൻ കുട്ടികളും പങ്കെടുക്കുകയുണ്ടായി.



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala